**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1723** | **31-08-2022 - ൽ മറുപടിയ്ക്ക്**

**ആഡിറ്റ് ഒബ്ജെക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ ഐ.എച്ച്.ആർ.ഡി. യിൽ യു.ജി.സി. സ്കെയിലിൽ ജോലി ചെയ്യുന്നവരിൽ എത്ര പേരുടെ ശമ്പളവുമായി ബന്ധപ്പെട്ട് അക്കൗണ്ടൻറ് ജനറലിന്റെ ആഡിറ്റ് ഒബ്ജെക്ഷൻ നിലവിലുണ്ട്; | (എ) | **ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകളിലെ 137 അദ്ധ്യാപകരുടെ AICTE/UGC ശമ്പളവുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള പരിശോധന നടന്നു വരുന്നു.** |
| (ബി) | പ്രസ്തുത ആഡിറ്റ് ഒബ്ജെക്ഷൻ വന്നിട്ടുള്ളത് എന്നുമുതലാണെന്ന് അറിയിക്കാമോ; | (ബി) | **2011-2012 സാമ്പത്തിക വർഷം നടന്ന ആഡിറ്റിലാണ് അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.** |
| (സി) | ആഡിറ്റ് ഒബ്ജെക്ഷൻ വന്നിട്ടുള്ള എത്ര പേർക്ക് ശമ്പള ഇനത്തിൽ അധിക തുക നൽകിയതായി ആഡിറ്റ് ടീം റിപ്പോർട്ട് നല്കിയിട്ടുണ്ട്; ഇതുമൂലം ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം വിശദമാക്കുമോ; | (സി) | **ഐ.എച്ച്.ആർ.ഡിയിൽ ജോലി ചെയ്യുന്ന AICTE/UGC ശമ്പളം വാങ്ങുന്ന മുഴുവൻ അദ്ധ്യാപകരുടേയും ശമ്പളം പുനർനിർണ്ണയം നടത്തി അധികതുക കൈപ്പറ്റിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി 24/01/2022-ലെ സ.ഉ(സാധാ) നം. 133/2022/ഉ.വി.വ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ടി അദ്ധ്യാപകരുടെ ശമ്പള പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. എന്നാൽ ഇതു സംബന്ധിച്ച് ശ്രീ. സുനിൽ കുമാർ, ശ്രീ. മിനു.കെ.കെ ഉൾപ്പെടെയുള്ളവർ എന്നിവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P(C)No. 5258/2022, W.P (C) No. 5261/2022 എന്നീ കേസുകളിന്മേൽ ബഹു. ഹൈക്കോടതി ഇതിന്മേലുള്ള തുടർ നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള അപേക്ഷ ബഹു. ഹൈക്കോടതിയിൽ ഐ.എച്ച്.ആർ.ഡി. സമർപ്പിച്ചിട്ടുണ്ട്.** |
| (ഡി) | ഇത്തരത്തിൽ അധിക ശമ്പളം നൽകിയതും വാങ്ങിയതുമായ എത്രപേർ സർവീസിലുണ്ടെന്നും എത്രപേർ റിട്ടയറായെന്നും തസ്തിക സഹിതം വ്യക്തമാക്കുമോ; ഇവർ കൈപ്പറ്റിയ അധിക തുക | (ഡി) | **ഐ.എച്ച്.ആർ.ഡിയിൽ ജോലി ചെയ്യുന്ന AICTE/UGC ശമ്പളം വാങ്ങുന്ന മുഴുവൻ അദ്ധ്യാപകരുടേയും ശമ്പളം പുനർനിർണ്ണയം നടത്തി അധികതുക കൈപ്പറ്റിയിട്ടുണ്ടോ എന്ന്** |

| | | | |
|---|---|---|---|
| | ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | | **പരിശോധിക്കുന്നതിനായി 24/01/2022-ലെ സ.ഉ(സാധാ) നം. 133/2022/ഉ.വി.വ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ടി അദ്ധ്യാപകരുടെ ശമ്പള പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. എന്നാൽ ഇതു സംബന്ധിച്ച് ശ്രീ. സുനിൽ കുമാർ, ശ്രീ. മിനു.കെ.കെ ഉൾപ്പെടെയുള്ളവർ എന്നിവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P(C)No. 5258/2022, W.P (C) No. 5261/2022 എന്നീ കേസുകളിന്മേൽ ബഹു. ഹൈക്കോടതി ഇതിന്മേലുള്ള തുടർ നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള അപേക്ഷ ബഹു. ഹൈക്കോടതിയിൽ ഐ.എച്ച്.ആർ.ഡി. സമർപ്പിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ